(സി) പാചകവാതകം ദുരുപയോഗം ചെയ്യുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വിധത്തിൽ;

(ഡി) പാചകവാതക സിലിണ്ടറുകൾ നൽകിവരുന്ന കമ്പനികൾ ഇപ്പോൾ സിലിണ്ടറുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) ചുരുക്കം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാചകവാതക വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുവാൻ ജില്ലാതലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ആഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ പരിശോധനാ സ്കാഡ് രൂപീകരിക്കുകയും റെയ്ഡുകളും മിന്നൽ പരിശോധനകളും നടത്തുകയും ചെയ്യുന്നുണ്ട്. അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുക്കുകയും കുറ്റക്കാരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. ചില കേസുകളിൽ ജില്ലാ കളക്ടർമാർ നോട്ടീസ് നൽകി മേൽനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. ഗാർഹികാവശ്യത്തിനുള്ള സിലിണ്ടറുകൾ അനധികൃതമായി ഹോട്ടൽ, കല്യാണമണ്ഡപം, റസ്റ്റോറന്റുകൾ എന്നിവയിൽ പാചകം ചെയ്യുന്നതിനും വാഹനങ്ങളിൽ ഇന്ധനമായും ഉപയോഗിക്കുക, ഗ്യാസ് കണക്ഷനില്ലാത്തവർ, ഗ്യാസ് കണക്ഷൻ ഉള്ളവരുടെ ഗ്യാസ് സിലിണ്ടറുകൾ എടുത്ത് ഉപയോഗിക്കുക, ഗ്യാസ് ഡെലിവറി ചെയ്യുന്ന ഇടനിലക്കാർ അനർഹർക്ക് ഗ്യാസ് മറിച്ചുകൊടുക്കുക, പാചകവാതക സിലിണ്ടറുകളിൽ നിന്ന് ഗ്യാസ് കൊമേഴ്സ്യൽ സിലിണ്ടറുകൾ നിറച്ചുകൊടുക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ ഗാർഹികാവശ്യ പാചകവാതകം ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്.

(ഡി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

വൈദ്യുതി ബോർഡ് വിഭജനം

*21 [68] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*

„ *കെ. ബി. ഗണേഷ്കുമാർ:*

„ *ഷിബു ബേബിജോൺ:*

„ *ടി. എം. ജേക്കബ്:*

„ *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ വൈദ്യുതി ബോർഡ് വിഭജനം സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്;

(ബി) വൈദ്യുതി ബോർഡ് വിഭജിച്ച് ബോർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കരണത്തിന് എ. പി. ഡി. ആർ. പി. പദ്ധതിയിൽ കേന്ദ്രത്തിൽ നിന്ന് എന്തു തുക ലഭിക്കും;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയുമായി ആരെല്ലാം ചർച്ചകൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ബോർഡ് വിഭജനം നടത്തുന്നത് സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായിട്ടാണോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) വൈദ്യുതി ബോർഡ് വിഭജിക്കാൻ തീരുമാനം എടുത്തിട്ടില്ല.

(ബി) എ. പി. ഡി. ആർ. പി. പദ്ധതിയ്ക്ക് വേണ്ടി ലഭിക്കുന്ന കേന്ദ്രസഹായം ബോർഡ് വിഭജനത്തിനും ബോർഡിന്റെ പരിഷ്ക്കരണത്തിനും വേണ്ടിയുള്ളതല്ല.

(സി) & (ഡി) പ്രസക്തമല്ല.

തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് ധനസഹായം

*22 [69] *ശ്രീ. കളത്തിൽ അബ്ദുള്ള:*

" *സി. ടി. അഹമ്മദ് അലി:*

" *ഡി. കെ. കെ. ബാവ:*

" *പി. കെ. അബ്ദുറബ്ബ്:*

" *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുഭൂമികളിൽ കൃഷിയിറക്കുന്നതിന് തൊഴിൽ രഹിതർക്ക് സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സഹായധനം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ;

(സി) ഓരോരുത്തർക്കും എന്ത് തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly